# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 5687     02/07/2019- ൽ മറുപടിയ്ക്ക്

**അക്കേഷ്യ കാടുകൾക്ക് പകരം സ്വാഭാവിക വനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അൻവർ സാദത്ത് | ശ്രീ.കെ. രാജു<br>(വനവും മൃഗസംരക്ഷണവും<br>മൃഗശാലകളും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ | പരിസ്ഥിതിക്ക് ദോഷമുണ്ടാക്കുന്ന അക്കേഷ്യ കാടുകൾ വെട്ടി മാറ്റി പകരം സ്വാഭാവിക വനം വച്ചുപിടിപ്പിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ | സാമൂഹ്യവനവൽക്കരണവിഭാഗം റോഡ് അരികത്തും പൊതു സ്ഥലങ്ങളിലും, സർക്കാർ സ്ഥാപനങ്ങളുടെ അധീനതയിലുമുള്ള സ്ഥല ങ്ങളിൽ വനം വകുപ്പ് വച്ച് പിടിപ്പിച്ചതും, റൊട്ടേഷൻ പ്രായം കഴിഞ്ഞതുമായ അക്കേഷ്യ മരങ്ങൾ മുറിച്ചുമാറ്റി പകരം തദ്ദേശീയമായ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനായി 'ഓപ്പറേഷൻ ജന്മഭൂമി ' എന്ന പേരിലുള്ള പദ്ധതി നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.<br><br>കൂടാതെ സാമൂഹ്യവനവൽക്കരണ വിഭാഗം 2012-ൽ പുനലൂർ സോഷ്യൽ ഫോറസ്ട്രി റെയിഞ്ചിലെ പത്തുപറയിൽ അക്കേഷ്യ മരങ്ങൾ മുറിച്ചുമാറ്റിയ, 5.70 ഹെക്ടർ സ്ഥലത്തും, 2013 - ൽ ആറ്റിങ്ങൽ സോഷ്യൽ ഫോറസ്ട്രി റെയിഞ്ചിലെ ഇളമ്പ്രക്കോടിൽ അക്കേഷ്യ മരങ്ങൾ മുറിച്ചുമാറ്റിയ 20.80 ഹെക്ടർ സ്ഥലത്തും തദ്ദേശീയമായ വൃക്ഷത്തൈകൾ വച്ചു പിടിപ്പിച്ച് ജൈവവൈവിധ്യ സംരക്ഷണം ഉറപ്പാക്കുക, പ്രദേശത്തെ മണ്ണ്-ജല സംരക്ഷണ പ്രക്രിയയ്ക്ക് സഹായകരമാക്കുക, വന്യജീവികൾക്ക് യോജിച്ച ആവാസ വ്യവസ്ഥ ഒരുക്കുക, പൊതു ജനങ്ങൾക്ക് വിശിഷ്യാ തദ്ദേശ വാസികൾക്ക് വനത്തെ നേരിട്ട് അറിയാനും പ്രകൃതി പഠനത്തിനുമുള്ള അവസരം ഒരുക്കുക എന്നീ ഉദ്ദേശ ലക്ഷ്യങ്ങൾ ഉള്ള 'വനദീപ്തി' നടപ്പിലാക്കി സ്വാഭാവിക വനമാക്കി പുനരുജ്ജീവി പ്പിച്ചിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്ത് എവിടെയൊക്കെയാണ് ഇപ്രകാരം സ്വാഭാവിക വനം വച്ചുപിടിപ്പിക്കുന്നത് എന്നറിയിക്കാമോ; | (ബി) | കൊല്ലം സോഷ്യൽ ഫോറസ്റ്റി ഡിവിഷനു കീഴിൽ പുനലൂർ സോഷ്യൽ ഫോറസ്റ്റി റെയിഞ്ച് 2012-ൽ പത്തുപറ എന്ന സ്ഥലത്ത് അക്കേഷ്യ മരങ്ങൾ മുറിച്ചുമാറ്റിയ 5.70 ഹെക്ടർ സ്ഥലത്ത് വനദീപ്തി പദ്ധതി പ്രകാരം തദ്ദേശീയമായി വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ച് സ്വാഭാവിക വനമായി പുനരുജ്ജീവിപ്പിച്ച് ടി സ്ഥലം പുനലൂർ വനം ഡിവിഷന് കീഴില്ലുള്ള പത്തനാപുരം റെയിഞ്ചിന് കൈമാറിയിട്ടുണ്ട്. തിരുവവന്തപുരം സോഷ്യൽ ഫോറസ്റ്റി ഡിവിഷനു കീഴിൽ ആറ്റിങ്ങൽ സോഷ്യൽ ഫോറസ്റ്റി റെയിഞ്ച് 2013-ൽ ഇളമ്പ്രക്കോട് എന്ന സ്ഥലത്ത് അക്കേഷ്യ മരങ്ങൾ മുറിച്ച മാറ്റിയ 20.80 ഹെക്ടർ സ്ഥലത്ത് വനദീപ്തി പദ്ധതി പ്രകാരം തദ്ദേശീയമായി വൃക്ഷത്തൈകൾ വച്ച പിടിപ്പിച്ച് സ്വഭാവിക വനമായി പുനരുജ്ജീവിപ്പിച്ച്, ടി സ്ഥലം തിരുവനന്തപുരം വനം ഡിവിഷനു കീഴില്ലുള്ള പാലോട് റെയിഞ്ചിന് കൈമാറിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇത്തരം സ്വാഭാവിക വനങ്ങളിൽ വച്ചുപിടിപ്പിക്കുന്ന മരങ്ങൾ പക്ഷികൾക്കും മൃഗങ്ങൾക്കും ഉപയോഗപ്രദമാകുന്നവയാണെന്ന് ഉറപ്പാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കുമോ? | (സി) | ഏകവിളത്തോട്ടങ്ങൾ മൂലമുണ്ടാകുന്ന ദൂഷ്യഫലങ്ങൾ ഒഴിവാക്കുന്നതിലേയ്ക്കായി തദ്ദേശീയ വൃക്ഷത്തൈകൾ ഉപയോഗിച്ച് സ്വാഭാവികവനം പുനർജ്ജനിപ്പിക്കുക, ഈ പ്രദേശത്തെ ജൈവവൈവിധ്യ സംരക്ഷണം ഉറപ്പാക്കുക, ചുറ്റുമുള്ള പ്രദേശത്തെ മണ്ണ്-ജല സംരക്ഷണ പ്രക്രിയയ്ക്ക് സഹായകരമാക്കുക, വന്യജീവികൾക്ക് യോജിച്ച ആവാസ വ്യവസ്ഥ ഒരുക്കുക, പൊതു ജനങ്ങൾക്ക് വിശിഷ്യാ തദ്ദേശ വാസികൾക്ക് വനത്തെ നേരിട്ട് അറിയാനും പ്രകൃതി പഠനത്തിനുമുള്ള അവസരം ഒരുക്കുക, ഭാവിയിൽ ഇക്കോ ടൂറിസം സെന്ററാക്കി മാറ്റുക എന്നീ ഉദ്ദേശ ലക്ഷ്യങ്ങളോടെയാണ് സോഷ്യൽ ഫോറസ്ട്രി വിഭാഗം 'വനദീപ്തി' പദ്ധതി നടപ്പിലാക്കിയത്. |

സെക്ഷൻ ഓഫീസർ